✎ ടി.കെ ഉബൈദ്



ഖുർആൻ ബോധനം

**1016**

# സൂറ – 32 / അസ്സജദ

### സൂക്തം: 1– 3

ഖുർആൻ മനുഷ്യകൃതിയാണെന്ന് വാദിക്കുന്നവർ ഇതുപോലൊരു കൃതി രചിച്ചു കാണിക്കുക എന്ന ഖുർആന്റെ വെല്ലുവിളി ഇന്നും അന്യൂനം നിലനിൽക്കുകയാണ്. ഇതുതന്നെ ഒരു സാധാരണ മനുഷ്യനെന്നു അവർ കരുതുന്ന മുഹമ്മദ് നബിയുടെ രചനയാണ് ഖുർആൻ എന്ന അവരുടെ വാദത്തെ നിഷേധിക്കുന്ന വസ്തുതയാണ്. മുഹമ്മദ് നബിയാവട്ടെ ഒരിക്കലും അതിന്റെ കർതൃത്വം ഏറ്റെടുത്തിട്ടുമില്ല. നിരക്ഷരനായ അദ്ദേഹത്തിന് ഖുർആൻ പോലൊരു കൃതി രചിക്കാനുള്ള ഭാഷാവൈഭവവുമുണ്ടായിരുന്നില്ല.

## ആമുഖം

15-ാം സൂക്തത്തിൽ പ്രണാമം (സുജൂദ്) പരാമർശിക്കപ്പെടുന്നതുകൊണ്ട് *അസ്സജദ* എന്ന് നാമകരണം ചെയ്യപ്പെട്ടിരിക്കുന്നു. പ്രവാചകന്റെ മക്കാ ജീവിതത്തിലാണ് ഇതവതരിച്ചതെന്ന് ചരിത്രകാരന്മാർ പൊതുവിൽ സ്ഥിരപ്പെടുത്തിയിരിക്കുന്നു. സൂറയുടെ അവതരണം പ്രവാചകന്റെ മക്കാ ജീവിതത്തിന്റെ മധ്യഘട്ടത്തിലായിരിക്കാം എന്നു കണക്കാക്കപ്പെടുന്നു. മുസ്ഹഫിൽ 32-ാമത്തേതായിട്ടാണ് ചേർത്തിരിക്കുന്നതെങ്കിലും അവതരണക്രമപ്രകാരം 73-ാം സൂറയാണിത്. സൂറ *അന്നഹ്ലി*നുശേഷം സൂറ *നൂഹി*നു മുമ്പായിട്ടാണ് അവതരണം.

ഈ സൂറയിലെ 18–21 സൂക്തങ്ങൾ മദീനയിൽ അവതരിച്ചതാണെന്ന് ഒരു കൂട്ടരും, 16–17 സൂക്തങ്ങൾ മദീനയിലവതരിച്ചതാണെന്ന് വേറൊരു കൂട്ടരും പറയുന്നുണ്ടെങ്കിലും ഈ രണ്ടു പ്രസ്താവങ്ങൾക്കും പ്രബലമായ തെളിവുകളില്ല. പ്രചുരവും പ്രബലവുമായ സൂറാ നാമം *അസ്സജദ* എന്നാണെങ്കിലും *സജദ ലുഖ്മാൻ* എന്നും അറിയപ്പെടുന്നുണ്ട്. ചിലർ *അലിഫ് ലാം മീം തൻസീൽ* (الٓمٓ تَنزِيلُ) എന്നും വിളിക്കാറുണ്ട്. സൂറ *ലുഖ്മാനി*നുശേഷം വന്ന *സജദ* സൂറ എന്നാണ് *സജദ ലുഖ്മാൻ* എന്ന നാമകരണത്തിന്റെ താൽപര്യം. حمٓ سجدة(സൂറ ഫുസ്സ്വിലത്)യുമായി മാറിപ്പോകാതിരിക്കാനാണത്രെ ഈ വിളിപ്പേരുകൾ.

ഈ സൂറയുടെ പാരായണത്തിന് പ്രത്യേക പുണ്യമുള്ളതായി ഹദീസുകൾ വ്യക്തമാക്കുന്നുണ്ട്. ഇമാം അഹ്മദും നസാഈയും തിർമിദിയും ജാബിർ (റ) പ്രസ്താവിച്ചതായി ഉദ്ധരിക്കുന്നു: '*സൂറതുസ്സജദ*യും *സൂറതുൽ മുൽകും* ഓതിയിട്ടല്ലാതെ നബി (സ) ഉറങ്ങാറുണ്ടായിരുന്നില്ല.' ബുഖാരിയും മുസ്‌ലിമും അബൂഹുറയ്റ(റ)യിൽനിന്ന് ഉദ്ധരിക്കുന്നു: 'വെള്ളിയാഴ്ച സ്വുബ്ഹ് നമസ്കാരത്തിൽ *സൂറതുസ്സജദയും സൂറതുദ്ദഹ്റും* നബി (സ) പതിവായി ഓതാറുണ്ടായിരുന്നു.'

മറ്റു മക്കീ സൂറകളുടേതുപോലെ ഈ സൂറയുടെയും മുഖ്യ പ്രമേയം ഇസ്‌ലാമിന്റെ അടിസ്ഥാന സിദ്ധാന്തങ്ങളായ അല്ലാഹുവും റസൂലും പരലോകവും തന്നെയാണ്. ഖുർആന്റെ ദൈവികതയും അതിന്റെ അവതരണലക്ഷ്യവും അനുസ്മരിച്ചുകൊണ്ടാണ് സൂറ ആരംഭിക്കുന്നത്. അത് പ്രവാചകൻ കെട്ടിച്ചമക്കുന്നതാണെന്ന അവിശ്വാസികളുടെ വാദത്തെ നിഷേധിക്കുകയും ചെയ്യുന്നു. പ്രപഞ്ചം സൃഷ്ടിച്ചതും പരിപാലിച്ചുകൊണ്ടിരിക്കുന്നതും അല്ലാഹുവാണെന്നും, അല്ലാഹുവിങ്കൽനിന്നുളവായതെല്ലാം ഒരുനാൾ അവനിലേക്കു തന്നെ ചെന്നുചേരുമെന്നും മനുഷ്യരെ ഓർമിപ്പിക്കുന്നു. തുടർന്ന് അല്ലാഹുവിന്റെ സൃഷ്ടിവൈഭവത്തിലേക്ക് പ്രത്യേകിച്ച് അതിസുന്ദരമായ മർത്യസൃഷ്ടിയിലേക്ക് ശ്രദ്ധ ക്ഷണിക്കുകയാണ്. തന്റെ സൃഷ്ടിയിൽ അല്ലാഹു നിക്ഷേപിച്ചിട്ടുള്ള അതുല്യമായ കഴിവുകൾക്കും യോഗ്യതകൾക്കും നന്ദി കാണിക്കുന്നതിൽ തീരെ പിശുക്കനാണ് മനുഷ്യൻ. കിട്ടിയ ജന്മം ജീവിച്ചു തീർക്കുക എന്നല്ലാതെ അതിലനുഭവിക്കുന്ന സുഖഭോഗങ്ങൾക്കൊന്നും ആരോടും കണക്കു പറയേണ്ടതില്ലെന്നും ഈ ജീവിതത്തിന്റെ കണക്കു

പറയാന്‍ ഇനിയൊരു ജീവിതം വരാനില്ലെന്നുമാണവരുടെ നിലപാട്. ഈ നിലപാടുകാര്‍ നാളെ അല്ലാഹുവിന്റെ മുമ്പില്‍ തലകുമ്പിട്ടു നില്‍ക്കുന്ന ചിത്രം വരച്ചുകാണിക്കുന്നു. ഈ ഖുര്‍ആന്‍ നല്‍കിയ താക്കീതുകളും സുവിശേഷങ്ങളും തികഞ്ഞ സത്യമായിരുന്നുവെന്ന് അന്നവര്‍ക്ക് ബോധ്യമാകും. ആ ബോധ്യംകൊണ്ട് അപ്പോള്‍ ഒരു പ്രയോജനവുമുണ്ടാവില്ല. അനന്തരം ശിഷ്ടന്മാരുടെയും ദുഷ്ടന്മാരുടെയും അന്നത്തെ അവസ്ഥാവിശേഷങ്ങള്‍ വര്‍ണിച്ചു താരതമ്യം ചെയ്യുന്നു. ശിഷ്ടജനത്തിന് ലഭിക്കുന്ന അനുഗ്രഹങ്ങള്‍ അവര്‍ണനീയമാകുന്നു. ദുഷ്ടജനത്തിന്റെ ദൗര്‍ഭാഗ്യവും അറ്റമില്ലാത്തതാണ്. ഈ പാരത്രിക മഹാപീഡനത്തില്‍ പതിക്കുന്നതിനു മുമ്പേ അല്ലാഹു അവന്റെ ദാസന്മാരെ ചെറിയ ചെറിയ പീഡനങ്ങളാല്‍ പരീക്ഷിച്ചുകൊണ്ടിരിക്കും; അവര്‍ പാഠം പഠിക്കാനും സ്വയം വീണ്ടെടുക്കാനും.

ദൈവദാസന്മാരെ ദുര്‍മാര്‍ഗത്തില്‍നിന്ന് സന്മാര്‍ഗത്തിലേക്കു വീണ്ടെടുക്കാന്‍ അല്ലാഹു പ്രവാചകനെ നിയോഗിക്കുന്നതും വേദമിറക്കുന്നതും ചരിത്രത്തില്‍ ഉദാഹരണങ്ങളില്ലാത്ത വിചിത്രമായ കാര്യമൊന്നുമല്ല. അല്ലാഹു നിരവധി പ്രവാചകന്മാരെ അയച്ചിട്ടുണ്ട്. അവരില്‍ പലര്‍ക്കും വേദവും നല്‍കിയിരിക്കുന്നു. അക്കൂട്ടത്തിലൊരാളാണ് പ്രശസ്തനായ ഇസ്രാഈലീ പ്രവാചകന്‍ മൂസാ(അ). അദ്ദേഹത്തിന് ഇറക്കിക്കൊടുത്ത വേദം ഇസ്രാഈലീ ആചാര്യന്മാര്‍ക്ക് സമൂഹത്തില്‍ നീതിയും ധര്‍മവും വിധിക്കാനും നടത്താനുമുള്ള ആധാരഗ്രന്ഥമായിരുന്നു. ക്ഷണികമായ ഭൗതിക ലോകത്തിന്റെ പ്രചോദനങ്ങളെ ക്ഷമയോടെ തരണം ചെയ്ത് ആത്മീയപാതയില്‍ ഉറച്ചുനിന്ന അനേകം നേതാക്കള്‍ അവരിലുണ്ടായി. സത്യധര്‍മങ്ങളില്‍ ഉറച്ചുനിന്ന കാലത്തോളം ആ സമൂഹത്തെ ആത്മീയവും ഭൗതികവുമായ പുരോഗതിയിലേക്കു നയിക്കാന്‍ ആ ആചാര്യന്മാര്‍ക്ക് കഴിഞ്ഞിരുന്നു. പ്രവാചകന്മാരെയും വേദശാസനകളെയും തള്ളിപ്പറഞ്ഞ് ധിക്കാരികളായി വാണവര്‍ അല്ലാഹുവിന്റെ ശിക്ഷക്കിരയായി നശിച്ചുപോയി. അങ്ങനെ നാമാവശേഷമായ നിരവധി ജനതകളുടെ നാടുകളിലൂടെ, മുഹമ്മദ് നബിയെ തള്ളിപ്പറയുകയും പീഡിപ്പിക്കുകയും ചെയ്യുന്ന അറബികള്‍ കടന്നുപോകാറുണ്ട്. പക്ഷേ അവിടെ പാര്‍ത്തിരുന്നവര്‍ നശിച്ചതെങ്ങനെയെന്ന ചരിത്രം ശ്രദ്ധിച്ചു കേള്‍ക്കാന്‍ അവര്‍ തയാറാകുന്നില്ല. മഴയിലൂടെയും വരള്‍ച്ചയിലൂടെയും അല്ലാഹു ഭൂമിയില്‍ ജനിമൃതികളുടെയും വൃദ്ധിക്ഷയങ്ങളുടെയും ചക്രം നിദാന്തം കറക്കിക്കൊണ്ടിരിക്കുന്നത് അവര്‍ ബുദ്ധിപൂര്‍വം നിരീക്ഷിക്കുന്നുമില്ല. അതാണ് ആളുകള്‍ അല്ലാഹുവിനെയും പ്രവാചകനെയും വേദത്തെയും പരലോകത്തെയുമെല്ലാം നിഷേധിക്കുന്നതിന്റെ അടിസ്ഥാന കാരണം. ഈ ദൃഷ്ടാന്തങ്ങള്‍ ബുദ്ധിപൂര്‍വം നിരീക്ഷിക്കുകയാണെങ്കില്‍ ഈ ഖുര്‍ആന്‍ അവരോട് പറയുന്നതെന്താണോ അതുതന്നെയാണ് പ്രാപഞ്ചിക പ്രതിഭാസങ്ങള്‍ നിശ്ശബ്ദം വിളിച്ചോതുന്നതെന്ന് അവര്‍ക്ക് ബോധ്യമാകും.

ആദ്യഘട്ടത്തിലെ പ്രയാസങ്ങളെയും പ്രതിസന്ധികളെയും പിന്നിട്ട് ഇസ്‌ലാം വിജയിക്കുമെന്നും ലോകമെങ്ങും പരക്കുമെന്നുമുള്ള പ്രവചനത്തെ ഖുറൈശികള്‍ എപ്പോഴും പുഛരിക്കാറുണ്ടായിരുന്നു. ശരി, എങ്കില്‍ ആ വിജയം കാണാന്‍ ഞങ്ങള്‍ക്ക് പെരുത്ത ആകാംക്ഷയുണ്ട്. പറയൂ, എന്നാണതു സംഭവിക്കുക? ഞങ്ങള്‍ അക്ഷമയോടെ കാത്തിരിക്കുകയാണ്. ഇങ്ങനെ പരിഹസിക്കുന്നവരെ ഇപ്രകാരം ഉണര്‍ത്താന്‍ അല്ലാഹു പ്രവാചകനെ ഉപദേശിക്കുന്നു: നിങ്ങള്‍ കാത്തിരുന്നോളൂ, ഞങ്ങളും കാത്തിരിക്കുകയാണ്, പക്ഷേ, ഇസ്‌ലാമിനെ അന്നുവരെ ദ്രോഹിച്ചുകൊണ്ടിരുന്നവര്‍ അത് വിജയിക്കുന്ന കാലത്ത് വിശ്വസിക്കാനും അതിന്റെ വാഹകരാകാനും തയാറായതുകൊണ്ട് ഒരു ഗുണവുമുണ്ടാവില്ല, അവര്‍ക്ക് വിശ്വാസത്തില്‍ ജീവിക്കാന്‍ അവസരം ലഭിക്കുകയുമില്ല.

സൂറ *ലുഖ്മാന്റെ*യും *അസ്സജദ*യുടെയും ഉള്ളടക്കങ്ങള്‍ തമ്മിലും പ്രതിപാദന ശൈലികള്‍ തമ്മിലും സാദൃശ്യമുണ്ട്. അതുകൊണ്ടാവാം ഈ സൂറ, *ലുഖ്മാ*ന്റെ തൊട്ടുടനെ നിബന്ധിക്കപ്പെട്ടത്. *ലുഖ്മാന്‍* സമാപിക്കുന്നത് ദീനിന്റെ രണ്ട് മൗലിക തത്ത്വങ്ങളായ തൗഹീദും ആഖിറത്തും പരാമര്‍ശിച്ചുകൊണ്ടാണല്ലോ. മൂന്നാമത്തെ മൗലിക തത്ത്വമായ പ്രവാചകത്വത്തെയും പ്രവാചകത്വവുമായി ബന്ധപ്പെട്ട വേദത്തെയും പരാമര്‍ശിച്ചുകൊണ്ടാണ് ഈ സൂറ ആരംഭിക്കുന്നത്. *ലുഖ്മാന്റെ*യും തുടക്കവും വേദത്തെ പരാമര്‍ശിച്ചുകൊണ്ടാണ്. അനന്തരം ഇരു സൂറകളും പ്രതിപാദിക്കുന്നത് അല്ലാഹുവിന്റെ സൃഷ്ടിവൈഭവമാണ്. ഈ സൂറയിലെ 5,7,27,10,11 സൂക്തങ്ങള്‍ *ലുഖ്മാനി*ലെ 24-ാം സൂക്തം സൂചിപ്പിക്കുന്ന വിഷയങ്ങളുടെ വിശദീകരണമായി പണ്ഡിതന്മാര്‍ നിരീക്ഷിക്കുന്നുണ്ട്. ●

## സൂറ: 32 അസ്സജദ: അവതരണം: മക്കയില്‍ സൂക്തം: 30

بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ

الٓمٓ ﴿١﴾

1. അലിഫ് - ലാം - മീം

കഴിഞ്ഞ *ലുഖ്മാന്‍* സൂറയും തുടങ്ങുന്നത് ഈ അക്ഷരങ്ങള്‍ കൊണ്ടാണ്. വിശദീകരണം പ്രസ്തുത സൂക്തത്തിനു താഴെ കാണുക. ●

تَنزِيلُ الْكِتَابِ لَا رَيْبَ فِيهِ مِن رَّبِّ الْعَالَمِينَ ﴿٢﴾

2. ഈ വേദം അവതരിക്കുന്നത്, നിസ്സംശയം, പ്രപഞ്ച വിധാതാവിങ്കല്‍നിന്നാകുന്നു.

**2**

تَنزِيلُ الْكِتَابِ = വേദത്തിന്റെ ഇറക്കം (ഈ വേദം അവതരിക്കുന്നത്)
لَا رَيْبَ فِيهِ = അതിൽ സംശയമേതുമില്ല (നിസ്സംശയം)
مِن رَّبِّ الْعَالَمِينَ = ലോകങ്ങളുടെ (പ്രപഞ്ച) വിധാതാവിങ്കൽനിന്നാകുന്നു

ഒറ്റ അക്ഷരങ്ങൾ കൊണ്ടാരംഭിക്കുന്ന മറ്റു പല സൂറകളെയും പോലെ ഇവിടെയും തുടർന്ന് സംസാരിക്കുന്നത് ഖുർആനിനെ കുറിച്ചാകുന്നു. الْكِتَابِ ഖുർആൻ ആണ്. تَنزِيلُ ഭാഷയിൽ അവരോഹണം ആണെങ്കിലും പടിപടിയായുള്ള ഗംഭീരമായ ഇറക്കം എന്ന ധ്വനികൂടി അതുൾക്കൊള്ളുന്നുണ്ട്. مِن رَّبِّ الْعَالَمِينَ എന്ന വാക്യം ഖുർആന്റെ അവതരണം ഗംഭീരവും മഹത്തരവുമാകുന്നതെന്തുകൊണ്ടാണെന്ന് സൂചിപ്പിക്കുകയും ചെയ്യുന്നു. لَا رَيْبَ فِيهِ - ഖുർആൻ അല്ലാഹുവിങ്കൽനിന്നുള്ളതാണെന്ന കാര്യത്തിൽ യാതൊരു സംശയത്തിനും അവകാശമില്ല. *അൽബഖറ* 2-ാം സൂക്തത്തിലും ഖുർആനെക്കുറിച്ച് لَا رَيْبَ فِيهِ എന്നു പറയുന്നുണ്ട്. ഖുർആൻ തഖ്‌വയുള്ളവർക്ക് സന്മാർഗദർശകമാണെന്ന കാര്യത്തിൽ സംശയത്തിനവകാശമില്ല എന്നാണ് അവിടെ അർഥം. അതുപോലെ ഇവ ദൈവവചനങ്ങളാകുന്നു എന്ന കാര്യവും സംശയാതീതമാകുന്നു. രണ്ടിന്റെയും ന്യായങ്ങൾ ഒന്നു തന്നെയാണ്. ഖുർആന്റെ സവിശേഷതകളാണത്. അതിന്റെ അതുല്യമായ ഭാഷാ ശൈലി, വാക്കുകളുടെ അർഥ പൗഷ്കല്യം, സൗന്ദര്യം, അതു പ്രസരിപ്പിക്കുന്ന അവർണനീയമായ അനുഭൂതി, ധാർമിക പാഠങ്ങൾ, നീതിസാരങ്ങൾ, അഭൗതിക യാഥാർഥ്യങ്ങൾ സംബന്ധിച്ച അറിവുകൾ, അതിൽ വിശ്വസിക്കുന്നവരുടെ ജീവിതത്തിൽ ഉളവാകുന്ന മഹത്തായ പരിവർത്തനങ്ങൾ ഇതൊക്കെയും ഈ വേദം ധർമബോധമുള്ളവർക്ക് സന്മാർഗദർശകമാണെന്നതിന്റെയും പ്രപഞ്ചനാഥനായ അല്ലാഹുവിങ്കൽനിന്നു മാത്രമേ ഇത്തരമൊരു വേദം അവതരിക്കുകയുള്ളൂവെന്നതിന്റെയും അനിഷേധ്യമായ തെളിവുകളാകുന്നു. ●

---

أَمْ يَقُولُونَ افْتَرَاهُ ۚ بَلْ هُوَ الْحَقُّ مِن رَّبِّكَ لِتُنذِرَ قَوْمًا مَّا أَتَاهُم مِّن نَّذِيرٍ مِّن قَبْلِكَ لَعَلَّهُمْ يَهْتَدُونَ ﴿٣﴾

3. ജനം പറയുന്നുവോ, ഇതദ്ദേഹം സ്വയം കെട്ടിച്ചമതാണെന്ന്? അല്ല; നിന്റെ നാഥങ്കൽനിന്നുള്ള സത്യം തന്നെയാണിത്. നിനക്കു മുന്നെ മുന്നറിയിപ്പുകാരാരും ആഗതരായിട്ടില്ലാത്ത സമുദായത്തിന് മുന്നറിയിപ്പ് നൽകുന്നതിനു വേണ്ടി; അവർ സന്മാർഗം പ്രാപിക്കാൻ.

**3**

أَمْ يَقُولُونَ = അവർ (ജനം) പറയുന്നുവോ افْتَرَاهُ = അദ്ദേഹം അത് കെട്ടിച്ചമച്ചു(ച്ചമച്ചതാണതെന്ന്)
بَلْ = (സത്യം) അല്ല (അത്) هُوَ الْحَقُّ = അതു സത്യം തന്നെയാകുന്നു
مِن رَّبِّكَ = നിന്റെ നാഥങ്കൽനിന്നുള്ള لِتُنذِرَ = നീ മുന്നറിയിപ്പു നൽകുന്നതിനുവേണ്ടി
قَوْمًا = ഒരു സമുദായത്തിന് مَّا أَتَاهُم = അവർക്ക് ആഗതരായിട്ടില്ല
مِّن نَّذِيرٍ = (ആരും) മുന്നറിയിപ്പുകാരിൽനിന്ന് مِّن قَبْلِكَ = നിനക്കു മുന്നെ
لَعَلَّهُمْ يَهْتَدُونَ = അവർ സന്മാർഗം പ്രാപിക്കാൻ

സംശയിക്കാൻ ന്യായമില്ലെങ്കിലും ഖുർആനിന്റെ മാർഗദർശനത്തിലും ദൈവികതയിലും സംശയിക്കുന്നവർ അന്നെന്നപോലെ ഇന്നും ഉണ്ട്. അന്നും ഇന്നും വേദനിഷേധത്തിന്റെ ന്യായം ഒന്നുതന്നെയാണ്. മനുഷ്യജീവിതത്തെ മാർഗദർശനം ചെയ്യാൻ വേദങ്ങൾ ആവശ്യമില്ല, ദൈവം അത്തരം വേദങ്ങൾ അവതരിപ്പിച്ചിട്ടുമില്ല, എന്നാണാ ന്യായം. ഇങ്ങനെ വാദിക്കുന്നവരിൽ ഒരു കൂട്ടർ ബുദ്ധിപരമായ സത്യസന്ധതയില്ലാത്ത വിദ്വാന്മാരാണ്. മറ്റൊരു കൂട്ടർ വിദ്വാന്മാരെയും പുരോഹിതന്മാരെയും അന്ധമായി അനുകരിക്കുന്ന പാമര ജനങ്ങളും. കപടബുദ്ധികളായ പണ്ഡിതന്മാരും പുരോഹിതന്മാരും നാട്ടുപ്രമാണിമാരും അവരുടെ ഖുർആൻ നിഷേധത്തിന് കാലാകാലങ്ങളിൽ ഓരോരോ ന്യായങ്ങൾ ഉന്നയിച്ചു കൊണ്ടിരിക്കും. ഖുർആന്റെ അവതരണകാലത്ത് നിഷേധിക്കാൻ ആദ്യം മുന്നോട്ടു വന്ന വരേണ്യവിഭാഗങ്ങൾ മുഖ്യമായും മക്കയിൽ ഖുറൈശിനേതാക്കളും മദീനയിൽ വേദജ്ഞരായ യഹൂദരുമാണ്. രണ്ടു കൂട്ടരെയും അനുകരിക്കാൻ ധാരാളം പാമരന്മാരുണ്ടായിരുന്നു. ഇവർക്കൊന്നും ഖുർആനിന്റെ സന്മാർഗ പാഠങ്ങളെയോ ധർമോപദേശങ്ങളെയോ ആധ്യാത്മീയ തത്ത്വങ്ങളെയോ അതിന്റെ ഭാഷാ സൗന്ദര്യത്തെയോ ഭാവാത്മകതയെയോ ചോദ്യം ചെയ്യാൻ കഴിഞ്ഞിരുന്നില്ല. അതെല്ലാം അവഗണിച്ച് അവർ ഉന്നയിച്ച വിമർശനം ഇയാൾ പാരായണം ചെയ്തുകൊണ്ടിരിക്കുന്നത് ഇയാൾ തന്നെ കെട്ടിച്ചമച്ച കുറേ വചനങ്ങളാണ് എന്നായിരുന്നു. തന്റെ സ്വയംകൃത വചനങ്ങൾ ദൈവത്തിങ്കൽനിന്ന് അവതീർണമായതാണെന്നു ഘോഷിച്ച് നമുക്കു മേൽ പുണ്യപുരുഷനും നമ്മുടെ രാജാവുമാകാൻ ശ്രമിക്കുകയാണയാൾ. ഇതല്ലാതെ അയാൾ ദൈവം നിയോഗിച്ച പ്രവാചകനോ, അയാൾ ഓതുന്നത് ദൈവത്തിങ്കൽനിന്ന് അവതീർണമാ

കുന്ന വേദവചനങ്ങളോ അല്ല. ഖുർആൻ സത്യദർശകവും സന്മാർഗദർശകവുമായ ദൈവിക സൂക്തങ്ങളാണെന്നു ബോധ്യപ്പെടുത്തുന്ന ന്യായങ്ങൾ വേണ്ടുവോളമുണ്ടായിട്ടും അതൊന്നും പരിഗണിക്കാതെ ഇത് മുഹമ്മദ് (സ) കെട്ടിച്ചമച്ച വചനങ്ങളാണെന്നു വിമർശിക്കുകയാണോ ബുദ്ധിമാന്മാരെന്നവകാശപ്പെടുന്ന ഇക്കൂട്ടർ എന്നാണ് أَمْ يَقُولُونَ افْتَرَاهُ എന്ന വാക്യത്തിന്റെ താൽപര്യം. തൊട്ടുമുമ്പ് പറഞ്ഞതിൽനിന്നുള്ള വ്യതിയാനത്തെയും (اضراب) ഒപ്പം ചോദ്യത്തെയും അങ്ങനെ ചോദിക്കുന്നതിലുള്ള അത്ഭുതത്തെയും കുറിക്കുന്ന ശബ്ദമാണ് أَمْ. അതായത് അലൗകികവും, ദിവ്യജ്ഞാനമുൾക്കൊള്ളുന്നതും, ആത്മീയ-ധാർമിക തത്ത്വങ്ങൾ പഠിപ്പിക്കുന്നതുമായിട്ടും ഈ വചനങ്ങൾ മുഹമ്മദ് കെട്ടിച്ചമച്ചതാണെന്നു വിമർശിക്കുന്നത് അത്ഭുതകരം തന്നെ എന്നാണ് ധ്വനി. ഈ വിമർശനത്തോടുള്ള അല്ലാഹുവിന്റെ പ്രതികരണം, ''അല്ല ഇത് നിന്റെ നാഥനിൽനിന്നുള്ള സത്യം തന്നെയാകുന്നു- بَلْ هُوَ الْحَقُّ مِن رَّبِّكَ'' എന്ന കൊച്ചുവാക്യത്തിൽ ഒതുക്കിയിരിക്കുന്നു. വിശാലമായ വിശദീകരണത്തേക്കാൾ ശക്തവും അർഥവത്തുമാണീ പ്രതികരണം. ഇതിൽ ഗുരുതരമായ താക്കീതിന്റെ ധ്വനിയുമുണ്ട്. താക്കീതിനു രണ്ടു വശമുണ്ട്. വേദം പ്രബോധനം ചെയ്യുന്നതുതന്നെയാണ് സത്യമതം, നിങ്ങൾ ആചരിച്ചുവരുന്ന പാരമ്പര്യമതം തികച്ചും മിഥ്യയാകുന്നു എന്നതാണ് ഒരു വശം. ഈ വേദം യഥാർഥത്തിൽ അല്ലാഹുവിങ്കൽനിന്നുള്ളതു തന്നെയാണ്, അതിനെ മുഹമ്മദീയ രചനയായി തള്ളിക്കളയുന്നവർ ആ നടപടിയുടെ തിക്തഫലം അനുഭവിക്കേണ്ടിവരും എന്നതാണ് രണ്ടാമത്തെ വശം.

ഈ വേദം ഇത്ര ഗൗരവപൂർവം അവതരിപ്പിച്ചതിന്റെ ഉദ്ദേശ്യം വ്യക്തമാക്കുകയാണ് لِتُنذِرَ .... يَهْتَدُونَ എന്ന വാക്യം. ഈ പ്രവാചകന്റെ ആഗമനത്തിനുമുമ്പ് സത്യത്തിന്റെയും ധർമത്തിന്റെയും സന്ദേശം ലഭിച്ചിട്ടില്ലാത്ത ജനതക്ക് ഈ പ്രവാചകൻ സത്യവിശ്വാസത്തിന്റെയും ധർമനിഷ്ഠയുടെയും നീതിപാലനത്തിന്റെയും, അവയെല്ലാം ലംഘിച്ചു വാഴുന്നതിന്റെയും ഭൗതികവും പാരത്രികവുമായ പരിണതികളെക്കുറിച്ച് മുന്നറിയിപ്പു നൽകുകയാണത്. സൂക്തത്തിന്റെ അവതരണ പശ്ചാത്തലത്തിൽ 'നീ' പ്രവാചകനും ജനത-قوم- അറബികളുമാണ്. ഇസ്മാഈൽ നബിക്കുശേഷം അറബികളിൽ പ്രവാചകന്മാർ നിയുക്തരായിരുന്നില്ല. ഈസാ-മൂസാ ഉൾപ്പെടെയുള്ള ഇസ്രാഈലീ പ്രവാചകന്മാരുടെ സത്യസന്ദേശങ്ങൾ അറബികൾക്കു തികച്ചും അന്യമായിരുന്നു. സ്വാലിഹ്, ഹൂദ്, ശുഐബ് തുടങ്ങിയ ചില പ്രവാചകന്മാർ അറേബ്യയിൽ ആഗതരായെങ്കിലും അവരുടെ പ്രബോധനം നിലനിൽക്കുകയുണ്ടായില്ല. അവരുടെ സമുദായങ്ങളുടെ നാശത്തോടെ ആ പ്രവാചകന്മാർ പ്രബോധനം ചെയ്ത സന്മാർഗ പാഠങ്ങൾ മാഞ്ഞുപോയി. സത്യവിശ്വാസവും സന്മാർഗവും അറബികൾ തീരെ വിസ്മരിച്ചുകഴിഞ്ഞ കാലഘട്ടത്തിലാണ് സത്യത്തിന്റെ പൊൻകിരണവുമായി മുഹമ്മദ് നബി (സ) അവരിൽ നിയുക്തനാകുന്നത്. ഖുർആന്റെ അവതരണത്തെക്കുറിച്ച് സൂറ *യാസീൻ* 6-ാം സൂക്തം പറയുന്നത് لِتُنذِرَ قَوْمًا مَّا أُنذِرَ آبَاؤُهُمْ فَهُمْ غَافِلُونَ ﴿٦﴾ 'പൂർവ പിതാക്കൾക്ക് മുന്നറിയിപ്പു ലഭിച്ചിട്ടില്ലാത്തതിനാൽ പ്രജ്ഞാശൂന്യരായിത്തീർന്ന സമുദായത്തിന് നീ മുന്നറിയിപ്പു നൽകാൻ' എന്നാണ്. മുന്നറിയിപ്പും സുവിശേഷവും (الانذار والتبشير) അതു ലഭിക്കുന്നവർക്ക് ഏറെ ഗുണകരമാണ്. മുഹമ്മദ് നബിയുടെ ആഗമനകാലത്ത് പൂർവ പ്രവാചകന്മാരുടെ സമുദായങ്ങൾ അവർ പ്രബോധനം ചെയ്യപ്പെട്ട തത്ത്വങ്ങളിൽനിന്നും വേദപ്രമാണങ്ങളിൽനിന്നും ഏറെ വ്യതിചലിച്ചുകഴിഞ്ഞിരുന്നു. ആ നിലക്ക് ഇവിടെ പറയുന്ന ജനം-قوم- അന്നത്തെ മനുഷ്യകുലം മുഴുവൻ ആകുന്നതിനും വിരോധമില്ല. മുഹമ്മദീയ പ്രവാചകത്വം സകല ലോകർക്കും അനുഗ്രഹമാണെന്ന് ഖുർആൻ പ്രസ്താവിച്ചിട്ടുണ്ടല്ലോ. നിരക്ഷരരായ അറബികളെ സംബന്ധിച്ചേടത്തോളം അല്ലാഹുവിങ്കൽനിന്ന് ലഭിച്ച സവിശേഷമായ ഔദാര്യവും അനുഗ്രഹവുമാണീ ഖുർആൻ. അതുവഴി അവർക്ക് നരകപീഡനങ്ങളിൽനിന്ന് മുക്തരാകാം. സ്വർഗീയ സൗഭാഗ്യങ്ങളിലേക്ക് സഞ്ചരിക്കാം. ഇരുലോകത്തും ക്ഷേമവും സമാധാനവും അനുഭവിക്കാം. അതിലുപരി മുഴു ലോകത്തിനും സത്യവും ധർമവും പഠിപ്പിക്കുന്ന ഗുരുക്കന്മാരുമാകാം. കോടാനുകോടി ജനങ്ങളെ സത്യത്തിലേക്കും ധർമത്തിലേക്കും നയിച്ചവരെന്ന് അഭിമാനിക്കാം. അതേസമയം മുന്നറിയിപ്പും സുവിശേഷവും ലഭിച്ചിട്ടും അത് വകവെക്കാതെ പാരമ്പര്യമായി തുടർന്നുവരുന്ന അസത്യത്തിന്റെയും അധർമത്തിന്റെയും പാതയിലൂടെ മുന്നോട്ടു പോവുകയാണെങ്കിൽ അത്തരം സമൂഹങ്ങൾ ഒരു പരിധിവരെ വീണ്ടെടുപ്പിന് അവസരം നൽകപ്പെടുകയും പുനരാലോചനക്ക് തയാറാകുന്നില്ലെങ്കിൽ ഉന്മൂലനം ചെയ്യപ്പെടുകയുമാണ് അല്ലാഹുവിന്റെ നടപടിക്രമം.

ഖുർആൻ പ്രപഞ്ചനാഥനായ അല്ലാഹു അവതരിപ്പിച്ചതാണെന്നും അക്കാര്യത്തിൽ സംശയമേതുമില്ലെന്നും ഖുർആൻ ആവർത്തിച്ചു പറയുന്നതിന് രണ്ടു മാനമുണ്ട്: 1) ഖുർആൻ ആരുടെ രചനയാണ്, അതിന്റെ ഉറവിടം ഏതാണ് എന്ന ചോദ്യത്തിനു ഖണ്ഡിതമായ ഉത്തരം നൽകിക്കൊണ്ട് ആ വിഷയത്തിൽ സന്ദേഹങ്ങൾക്കുള്ള പഴുതടക്കുക. 2) ഖുർആൻ അല്ലാഹുവിങ്കൽനിന്നുള്ള സത്യോപദേശങ്ങളും ധർമശാസനകളുമാണെന്ന് ഉറപ്പിച്ചും തറപ്പിച്ചും പ്രസ്താവിക്കുന്നതിലൂടെ അല്ലാഹുവിന്റെ ദാസന്മാർ അത് സഗൗരവം സ്വീകരിക്കുകയും സാദരം അനുസരിക്കുകയും ചെയ്യേണ്ടതുണ്ടെന്ന് ഓർമിപ്പിക്കുക. ഇവിടെ ഒരു ചോദ്യം ഉന്നയിക്കപ്പെടാം. ഖുർആൻ അല്ലാഹുവിങ്കൽനിന്ന് അവതീർണമായതാണെന്നതിൽ ഒരു സംശയവുമില്ല എന്ന് ഖുർആൻ തന്നെ പറഞ്ഞാൽ മതിയോ? താൻ ഇന്ന തരക്കാരനാണെന്ന് ഒരാൾ സ്വയം നടത്തുന്ന അവകാശവാദം അയാളുടെ വ്യക്തിത്വത്തിന് മതിയായ സാക്ഷ്യമാകുമോ?

വിശദീകരണം ഇതാണ്: ഒരു ഗ്രന്ഥത്തിന്റെ കർത്താവ് ആരെന്ന് ആദ്യമായും ആധികാരികമായും പറയേണ്ടത് ആ ഗ്രന്ഥം തന്നെയാണ്. ഗ്രന്ഥം അതിന്റെ കർത്താവിനെ വെളിപ്പെടുത്താതിരിക്കുമ്പോൾ കർത്താവ് ആരെന്ന സംശയത്തിന് സാംഗത്യമുണ്ടാകുന്നു. ഗ്രന്ഥം വെളിപ്പെടുത്തുന്ന കർത്താവ് ആ കർതൃത്വം അവകാശപ്പെടുകയോ ഏറ്റെടുക്കുകയോ ചെയ്യാതിരിക്കുമ്പോഴും, പല കേന്ദ്രങ്ങൾ അവകാശപ്പെടുമ്പോഴും കർതൃത്വം സംശയാസ്പദമാകുന്നു. ഖുർആൻ അതിന്റെ കർത്താവ് അല്ലാഹുവാണെന്ന് ആവർത്തിച്ചുറപ്പിച്ചു പ്രസ്താവിക്കുകയും അവനല്ലാത്ത മറ്റാരും കർതൃത്വം ഏറ്റെടുക്കാതിരിക്കുകയും ചെയ്യുന്നതിനാൽ ഇത്തരം സംശയങ്ങൾക്കൊന്നും പഴുതില്ലാതാവുകയും കർതൃത്വം അല്ലാഹുവിൽ സ്ഥിരപ്പെടുകയും ചെയ്യുന്നു. ഈ ലോകത്ത്

അല്ലാഹുവിങ്കല്‍നിന്ന് നേരിട്ടിറങ്ങിയത് എന്ന് നിസ്സങ്കോചം സ്വയം അവകാശപ്പെടുന്ന ഏക വേദഗ്രന്ഥമാകുന്നു വിശുദ്ധ ഖുര്‍ആന്‍. മറ്റു വേദങ്ങളെല്ലാം ദൈവത്തിങ്കല്‍നിന്നുള്ളതാണെന്ന് അവകാശപ്പെടുന്നത് ആ വേദങ്ങളുടെ വാഹകരാണ്. ആ നിലക്ക് ഖുര്‍ആന്റെ കര്‍ത്താവ് അല്ലാഹുവാണെന്ന അതിന്റെ പ്രസ്താവനക്ക് ഏറെ പ്രാധാന്യമുണ്ട്.

'അല്ലാഹുവിങ്കല്‍നിന്നവതരിച്ചത്' എന്ന ഖുര്‍ആന്റെ പ്രസ്താവനയെ സ്ഥിരപ്പെടുത്തുന്ന ഒട്ടേറെ ഘടകങ്ങള്‍ വേറെയുമുണ്ട്. അതില്‍ ചിലത് ഈ വിശദീകരണത്തിന്റെ തുടക്കത്തില്‍ സൂചിപ്പിച്ചിരിക്കുന്നു. ദൈവത്തിനല്ലാതെ മനുഷ്യര്‍ക്ക് ഇങ്ങനെയൊരു കൃതി രചിക്കാനാവില്ല എന്നതാണ് ഏറ്റം പ്രബലമായ ഘടകം. ഖുര്‍ആന്‍ മനുഷ്യകൃതിയാണെന്ന് വാദിക്കുന്നവര്‍ ഇതുപോലൊരു കൃതി രചിച്ചു കാണിക്കുക എന്ന ഖുര്‍ആന്റെ വെല്ലുവിളി ഇന്നും അന്യൂനം നിലനില്‍ക്കുകയാണ്. ഇതുതന്നെ ഒരു സാധാരണ മനുഷ്യനെന്നു അവര്‍ കരുതുന്ന മുഹമ്മദ് നബിയുടെ രചനയാണ് ഖുര്‍ആന്‍ എന്ന അവരുടെ വാദത്തെ നിഷേധിക്കുന്ന വസ്തുതയാണ്. മുഹമ്മദ് നബിയാവട്ടെ ഒരിക്കലും അതിന്റെ കര്‍തൃത്വം ഏറ്റെടുത്തിട്ടുമില്ല. നിരക്ഷരനായ അദ്ദേഹത്തിന് ഖുര്‍ആന്‍ പോലൊരു കൃതി രചിക്കാനുള്ള ഭാഷാവൈഭവവുമുണ്ടായിരുന്നില്ല. അദ്ദേഹത്തെ ചില വേദവിദ്വാന്മാര്‍ പഠിപ്പിച്ചതാണിതെന്നും നിഷേധികള്‍ വാദിച്ചുനോക്കി. പക്ഷേ, അവര്‍ ചൂണ്ടിക്കാണിച്ച വിദ്വാന്മാര്‍ അറബി ഭാഷാ പരിജ്ഞാനമുള്ളവരായിരുന്നില്ല. ഇതൊക്കെയും ഖുര്‍ആനിന്റെ കര്‍തൃത്വം അതവകാശപ്പെടുന്ന ദൈവത്തിനു മാത്രമാണെന്ന കാര്യം നിസ്സംശയമാക്കുന്നു. ●